മറ്റാരെങ്കിലും ചെയ്ത തെറ്റിന് പഴി കേൾക്കേണ്ടി വരികയെന്നത് പുതുതലമുറ ഭാഷയിൽ പറഞ്ഞാൽ "എന്തൊരു ദ്രാവിഡാണ് !"

എന്നാൽ മറ്റാരുടേയെങ്കിലും പ്രയത്നത്തിനുള്ള പ്രശംസ നമുക്കാണു ലഭിക്കുന്നതെങ്കിലോ?

അതിലെന്താ കുഴപ്പം എന്നു ചിന്തിക്കുന്നവർ കുറച്ചെങ്കിലും കണ്ടേക്കാം.

എന്നാൽ, മറ്റൊരാളുടെ കഴിവ് തൻ്റേതെന്നു തെറ്റിധരിക്കപ്പെട്ട് ഒട്ടേറെ പ്രശംസ നേടിയതിൻ്റെ സങ്കടത്തിൽ ആ കഴിവിനെ സ്വായത്തമാക്കിയേ അടങ്ങൂ എന്നു ദൃഢനിശ്ചയം ചെയ്ത ഒരു ആറാം ക്ലാസുകാരിയുണ്ട്. നിലവിൽ ഒരു ബാങ്കുദ്യോഗസ്ഥയായ ആ കൊച്ചുകൂട്ടുകാരിയെയാണ് ഞങ്ങൾ ഇത്തവണ പരിചയപ്പെടുത്തുന്നത്

ലിനു മറിയം എബ്രഹാം
ഫെഡറൽ ബാങ്ക്
മുളക്കുഴ ശാഖ

പ്രധാനമായി കാർഷികവൃത്തിയും കൂടെ അല്പം സർക്കാർ കോണ്ട്രാക്ട് ജോലിയും ജീവിതമാർഗമായി സ്വീകരിച്ച എബ്രഹാം കോശി, വീട്ടമ്മയായ ജിജി എബ്രഹാം ദമ്പതികളുടെ രണ്ടുപെൺമക്കളിൽ ഇളയവളായ ലിനുവിന്റെ സ്വദേശം ആലപ്പുഴ ജില്ലയിലെ വെണ്മണിയാണ്. ലിനുവിന്റെ ഏഴാം ക്ലാസു വരെയുള്ള വിദ്യാഭ്യാസം സെന്റ്. ജൂഡ് ഇ എം യു പി സ്കൂൾ വെൺമണിയിലായിരുന്നു. ഇവിടെ വെച്ചുതന്നെയാണ് ലിനുവിന്റെ സർഗാത്മകതയ്ക്ക് നാമ്പു മുളച്ചതും ചിറകുകൾ വിരിഞ്ഞതുമെല്ലാം.

തന്റെ ആദ്യ സാഹിത്യരചനയെക്കുറിച്ചുള്ള ഓർമ്മകൾ ലിനു അയവിറക്കുന്നതു കേൾക്കുന്നത് വളരെ ഹൃദ്യമായ ഒരനുഭവമാണ്. മൂന്നാം ക്ലാസിൽ പഠിക്കുമ്പോഴാണ് താൻ ആദ്യമായി ഒരു കഥയെഴുതുന്നതെന്നും കഥയുടെ പേര് ‘കാട്ടിലെ മൂന്നു കൂട്ടുകാർ’ എന്നായിരുന്നെന്നും, അത് മൂന്ന് ആനക്കുട്ടികളെക്കുറിച്ചുള്ള കഥയായിരുന്നെന്നും വ്യക്തമായി ഓർത്തിരിക്കുക മാത്രമല്ല, ആ കഥ ഇപ്പോഴും കൈവശം സൂക്ഷിക്കുന്നുമുണ്ട് താൻ എന്ന് ലിനു പറയുമ്പോൾ തെല്ല് അദ്ഭുതത്തോടെ മാത്രമേ കേട്ടിരിക്കാൻ കഴിഞ്ഞുള്ളൂ.

കാട്ടിലെ മൂന്നു കൂട്ടുകാർക്കു ശേഷം ഡയറികളിൽ കൊച്ചു കൊച്ചു കഥകൾ എഴുതുന്ന ശീലം ലിനു തുടങ്ങി വച്ചു.

ആറാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആമുഖത്തിൽ പ്രസ്താവിച്ച സംഭവം ലിനുവിന്റെ ജീവിതത്തിൽ അരങ്ങേറുന്നത്.

പ്രകൃതിയുടെ മനോഹാരിതയെക്കുറിച്ച് ഇംഗ്ലീഷിൽ ഒരു കവിത എഴുതിക്കൊണ്ടു വേണം എല്ലാ കുട്ടികളും പിറ്റേന്നു വരാൻ എന്നു ടീച്ചർ ആവശ്യപ്പെടുന്നതാണ് സംഭവത്തിന്റെ തുടക്കം.

കഥയാണെങ്കിൽ ഒരു കൈ നോക്കാമായിരുന്നു, കവിത വഴങ്ങാത്ത താൻ എന്തുചെയ്യും എന്ന ഉത്കണ്ഠയിൽ പെട്ടുപോയ ലിനു അവസാനം ഒരു ചെറിയ 'കള്ളക്കളി' യാണ് പോംവഴിയായി കണ്ടെത്തിയത്.

ലിനുവിന്റെ ചേച്ചി ഇംഗ്ലീഷിൽ ഒത്തിരി നല്ല കവിതകളെഴുതുന്നയാളായിരുന്നു. ചേച്ചിയുടെ പക്കൽ നിന്ന് ഒരു കവിത സംഘടിപ്പിച്ച് തന്റേതെന്ന മട്ടിൽ പിറ്റേന്ന് ടീച്ചർക്ക് സമർപ്പിക്കുക എന്നതായിരുന്നു ലിനു കണ്ടുപിടിച്ച പോംവഴി.

അങ്ങനെ ഒരു കവിത സംഘടിപ്പിച്ച് പിറ്റേന്ന് ക്ലാസിൽ ഹാജരാക്കി. അങ്ങനെ ആ അധ്യായം അവിടെ തീർന്നു എന്നാണ് ലിനു കരുതിയത്.

എന്നാലോ, ലിനുവിന്റെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവിന് ആ കവിത കാരണമായി എന്നതാണു വസ്തുത !

എങ്ങനെയെന്നോ ? ആ കവിത ലിനുവിന്റെ ടീച്ചറിനു മാത്രമല്ല സ്കൂളിലെ എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ടു. എല്ലാവരും ലിനുവിന്റെ കാവ്യഭാവനയെ പ്രശംസകൾ കൊണ്ടു മൂടി. എന്നാലോ ലിനുവാകട്ടെ, തനിക്കു കിട്ടിയ ഓരോ പ്രശംസയും, തോളത്തു തട്ടിയുള്ള ഓരോ അഭിനന്ദനവും തനിക്ക് ഒട്ടും അർഹതപ്പെട്ടതല്ലല്ലോ എന്നോർത്ത് അന്നു രാത്രി കുറ്റബോധത്താൽ പരിതപിക്കുകയും വീണ്ടുവിചാരമില്ലാതെ ചെയ്തു പോയ തെറ്റിന് പ്രായശ്ചിത്തമായി താൻ തന്നെ നല്ലൊരു കവിത എഴുതി മനസിൽ നിറഞ്ഞ പാപഭാരം കഴുകിക്കളയണമെന്ന് ദൃഢനിശ്ചയം ചെയ്യുകയുമാണ് ചെയ്തത്.

അങ്ങനെ ലിനു തന്റെ ആദ്യ കവിതയായ 'പ്രകൃതിയുടെ മനോഹാരിത'യ്ക്ക് ജന്മം നൽകി. തനിക്കു പ്രശംസ ലഭിച്ച കവിതയിൽ നിന്ന് പൂർണ്ണമായും വ്യത്യസ്തവും സ്വതന്ത്രവുമായിരിക്കണം താനെഴുതുന്ന കവിത എന്ന തീരുമാനം നടപ്പിലാക്കുന്നതിനായി ഇംഗ്ലീഷിനു പകരം മലയാളത്തിലാണ് ലിനു എഴുതിയത്.

ആ കവിതയും ഹിറ്റായി. അങ്ങനെ മെല്ലെ ലിനു സ്കൂളിലെ ആസ്ഥാന കവിയായി മാറുകയായിരുന്നു.

എട്ടാം ക്ലാസിൽ വെണ്മണിയിലെ തന്നെ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിലേയ്ക്കുള്ള മാറ്റമാണ് സാഹിത്യലോകത്തേയ്ക്ക് തന്നെ കൂടുതൽ അടുപ്പിച്ചതെന്ന് ലിനു ഓർക്കുന്നു. അതിനു പ്രധാന കാരണമായതാവട്ടെ, എട്ടാം ക്ലാസിലെ മലയാളം അധ്യാപികയും തന്റെ

മാതൃസഹോദരിയുമായ അച്ചാമ്മ വർഗീസും.

ടീച്ചറാന്റി ലിനുവിനെ സ്കൂളിലെ മത്സരങ്ങൾക്കു മാത്രമല്ല, പഞ്ചായത്ത് തല, ജില്ലാ തല കലോത്സവങ്ങൾക്കുമൊക്കെ പങ്കെടുക്കാൻ പ്രോത്സാഹിപ്പിച്ചു.

മറ്റു സ്ഥലങ്ങളിലെ മത്സരങ്ങൾക്ക് കൊണ്ടുപോവാനും വരാനുമെല്ലാം തന്റെ പിതാവ് മുന്നിൽ തന്നെയുണ്ടായിരുന്നതു കൊണ്ടാണ് തനിക്കു പങ്കെടുക്കാനും സമ്മാനങ്ങൾ വാരിക്കൂട്ടാനും സാധിച്ചതെന്ന് ലിനു സ്നേഹാദരവുകളോടെ ഓർത്തെടുക്കുന്നുണ്ട്.

തുടർന്ന് പത്താം ക്ലാസിൽ പഠിക്കുമ്പോൾ അതുവരെയെഴുതിയ കവിതകളിൽ നിന്ന് തെരഞ്ഞെടുത്തവ ചേർത്ത് 'മഴവില്ല്' എന്നൊരു സമാഹാരം പ്രസിദ്ധീകരിച്ചു.

അഭിവന്ദ്യ തിരുമേനി സഖറിയാസ് മാർ തിയോഫിലസ് സഫ്റഗൻ മെത്രപ്പോലിത്ത, ലിനുവിന് ആദ്യാക്ഷരം പകർന്നു നൽകിയ മത്തായിക്കുട്ടി സാറിന്റെ സഹധർമ്മിണിയ്ക്ക് ഒരു പ്രതി നൽകിയാണ് പ്രകാശന കർമം നിർവഹിച്ചത്.

പ്ലസ് വൺ- പ്ലസ്ടു പഠനകാലത്ത് കഥാമത്സരത്തിൽ സംസ്ഥാനതലത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതും എ ഗ്രേഡ് നേടുകയും ചെയ്തത് അഭിമാനത്തോടെയാണ് ലിനു ഓർക്കുന്നത്.

തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ ധനതത്വശാസ്ത്രത്തിൽ ബിരുദവിദ്യാർഥിയായിരുന്ന കാലയളവിൽ, ഏറ്റവും പറ്റിയ അന്തരീക്ഷമായിരുന്നിട്ടും സാഹിത്യ സൃഷ്ടികളിൽ നിന്ന് അല്പകാലത്തേയ്ക്ക് ഒഴിഞ്ഞു നിന്ന അനുഭവവും കൂടി ലിനു അയവിറക്കുകയുണ്ടായി.

തുടർന്ന് 2015 ൽ ഫെഡറൽ ബാങ്കിന്റെ ബിസിനസ് സ്കൂളിൽ പ്രവേശനം ലഭിക്കുകയും 2016 ൽ എറണാകുളം ജില്ലയിലെ കുറുപ്പംപടി ശാഖയിലൂടെ തന്റെ ഔദ്യോഗിക ജീവിതം ആരഭിക്കുകയും ചെയ്ത ലിനു, ബാങ്കിന്റെ വർക്കല ശാഖയിലെ സേവനത്തിനു ശേഷം ഇപ്പോൾ ആലപ്പുഴ ജില്ലയിലെ മുളക്കുഴ ശാഖയിലാണ് സേവനമനുഷ്ഠിക്കുന്നത്.

ബാങ്കിലെ ജോലിത്തിരക്കുകൾ കഥാലോകത്തിലേക്ക് തന്നെ കൂടുതൽ അടുപ്പിച്ചു എന്ന് ലിനു അവകാശപ്പെടുന്നു. ഈ അവകാശവാദത്തിന് പിൻബലമേകുന്നതാണ് 2020 ഓഗസ്റ്റിൽ പ്രസിദ്ധീകരിച്ച 'ക്യാപ്സൂൾ 22' എന്ന കഥാസമാഹാരം.

ചെങ്ങന്നൂർ നിയമസഭാമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ സജി

ചെറിയാൻ എം എൽ എ യാണ് ക്യാപ്സൂൾ 22 പ്രകാശനം ചെയ്തത്.

പേരു സൂചിപ്പിക്കുന്നതു പോലെ 22 ചെറുകഥകളുടെ ഒരു സമാഹാരമാണ് കാപ്സൂൾ 22. എന്നാലോ, ചെറുകഥകൾ എന്നു കേൾക്കുമ്പോൾ നമ്മുടെ മനസിൽ ഓടിയെത്തുന്ന ദൈർഘ്യമൊന്നും കഥകൾക്കില്ല. കഥകളൊക്കെത്തന്നെ രണ്ടു താളിലധികമില്ല. 12 കഥകൾ ഒരു താളിലൊതുങ്ങുമ്പോൾ വൈറസ്, സൺഗ്ലാസ്, വാടകമുറി, ഓക്സിജൻ മാസ്ക് തുടങ്ങിയ കഥകൾ ഏതാനും വരികളിലൊതുങ്ങുന്നു.

ഇങ്ങനെ ഏതാനും വരികളിൽ എഴുതിയാൽ കഥയാവുമോ എന്ന ചിന്ത ചിലർക്കെങ്കിലും ഉണ്ടായെങ്കിൽ പറയട്ടേ, ഇവിടെയാണ് സമാഹാരത്തിൻ്റെ പേരായ "കാപ്സൂൾ 22" തികച്ചും അന്വർത്ഥമാവുന്നത്. ഓരോ കഥയും ഓരോ കാപ്സൂളാണ് എന്നു പറയാം. മരുന്നെന്തിനാണ് ടൺ കണക്കിന് കഴിക്കുന്നത് ? അസുഖം മാറാൻ ഒരു ഇത്തിരിക്കുഞ്ഞൻ കാപ്സൂൾ കഴിച്ചാൽ പോരേ?

"ഓക്സിജൻ മാസ്ക്" എന്ന കാപ്സൂൾ നോക്കൂ: "രണ്ടു കാലിലും നാലു വീലിലും ഞാൻ പുക തുപ്പി പാഞ്ഞു. നാലു കാലിൽ കിടന്നും രണ്ടു വീലിൽ ഉരുണ്ടും നീങ്ങിയപ്പോൾ മൂക്കിൻ്റെ മുകളിൽ ഓക്സിജൻ മാസ്ക് എന്നെ ശ്വാസം മുട്ടിച്ചു."

ഇതിലും കൂടുതൽ എന്താണീ കഥയിൽ പറയാനുള്ളത് ? ശരിയല്ലേ ?

ലിനുവിൻ്റെയീ 'കാച്ചിക്കുറുക്കിത്തരം' ഒരു കവിയെന്ന നിലയ്ക്കു സ്വായത്തമായതാണ് എന്നതിനെക്കാൾ ബാങ്കു ജോലിക്കിടയിൽ നിന്ന് ഊറ്റിയെടുക്കുന്ന ഒരിറ്റു സമയത്തെ പരമാവധി ഉപയോഗിക്കാനുള്ള വ്യഗ്രതയിൽ നിന്നുണ്ടായി വന്നതാണെന്നാണ് ഒറ്റനോട്ടത്തിൽ തോന്നിപ്പോവുന്നത്.

ബാങ്കു ജീവനക്കാർ പൊതുവെ എഴുതുമ്പോൾ കണ്ടുവരാറുള്ളതുപോലെ ബാങ്കോ ബാങ്കിലെ ജോലി സംബന്ധമായ വിഷയങ്ങളോ ലിനു തൻ്റെ കഥകൾക്കു പ്രമേയമായി തെരഞ്ഞെടുക്കുന്നില്ല എന്നതും എടുത്തു പറയേണ്ട വസ്തുതയാണ്.

കണ്ണൂർ സ്വദേശിയും മസ്കറ്റിൽ പെട്രോളിയം എഞ്ചിനീയറുമായ ലിജിൻ കെ ദേവസ്യയാണ് ലിനുവിന്റെ ജീവിതതോഴൻ. ഈ ദമ്പതികൾക്ക് കണ്ണിലുണ്ണിയായി ല്യൂക്ക് എന്ന ഒരു വയസുകാരൻ കൊച്ചുമിടുക്കനുമുണ്ട്.

ലിനു ഇനിയും കൂടുതൽ കവിതകളും കഥകളുമെഴുതട്ടെ എന്നും മലയാളസാഹിത്യ ലോകത്ത് സ്വന്തമായ ഇടം കണ്ടെത്തട്ടെ എന്നും ടാലന്റഡ് ബാങ്കേഴ്സിനു വേണ്ടി ആശംസിച്ചു കൊണ്ട് നിറുത്തുന്നു.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, കോട്ടയം

English version: Arya Gayathry , State Bank of India, Thiruvananthapuram Main Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
-----------------------------------------------------------------------------------------------

To be blamed for another's fault- there would be nothing as lacerating as that! What if we are appreciated for another's hard work? That may seem harmless to a few of us..

But there was a 6th grader who on being mistakenly appreciated for another person's talent, was saddened and pledged to strive and achieve the feat that was praised. This little girl who grew up to be a banker is our star attraction this week.

Linu Mariam Abraham
Federal Bank Ltd
Mulakuzha Branch

She hails from Venmoney, Alapuzha and is the younger of the two daughters of Abraham Koshi, a farmer who did contract work for the Government once in a while, and Jiji Abraham. Linu went to St.Jude E.M.U.P School, Venmani till her 7th grade. The roots of her talents strengthened from here.

It is fascinating to hear Linu reminiscing her first creative writing experience. We listened with wonder as she narrated how her first story , 'The Three Friends of the Forest' about three baby elephants was written at the age of 7. She not only remembers all the details of the story but also preserves its copy!

After this, she started writing small stories in diaries. It was in her 6th grade English class that the incident mentioned in the introduction occurred. Teacher asked them to write an English poem on the beauty of nature. Had it been a story, it would have been an easy assignment for her. In her frustration, she did a small cheating by sneakily getting one of her sister's poems. Her sister used to write beautiful poems in English.

On submitting the poem to the teacher, Linu thought the issue was over. But that poetry turned out to be an important milestone in her life. Not only her teacher but the entire school loved 'her' poem. All praised her imaginative poetry skills. Linu on the other hand, was saddened with remorse at her act, and determined to prove herself by writing a poem of her own..

Thus came to life her own first poem, 'Prakrithiyude manoharitha'. Since she wanted it to be different from the earlier one and original, she decided to write in Malayalam. That poem too became an instant sensation. She began to be known as the school poet.

Linu feels that shifting to Marthoma Higher Secondary School, Venmoney from 8th standard brought her closer to the literary world, the reason – the encouragement of her 8th standard Malayalam teacher Achama Varghese, who was also her maternal aunt. Teacher aunty prompted her to participate in the school level, Panchayat level and District level Youth festivals.

She also remembers with gratitude how her father accompanied her to various competition venues, encouraging her. While studying in her 10th grade, she got a compilation of her selected poems published in the name 'Mazhavillu'. Rt. Reverend Dr. Zacharias Mar Theophilus Suffragan Metropolitan handed over the first print of the book to the wife of Mathai sir, her first guru.

During her 11th and 12th grades, she won A grade at the State level Youth festivals – moments of pride for her! Linu also remembers that during her time in Mar Ivanios college learning Economics when she had the time and ideal environment, she refrained from writing.

From there she got admission in the Federal Bank Business School in 2015 and in 2016 joined its Kuruppampady branch in Ernakulam. From there she was transferred to Varkala branch and then to her present post at Mulakuzha Branch, Alapuzha.

While many of us blame the busy work schedule that curtail our innate talents, Linu contradicts by proving that the workload has brought her closer to her stories. The proof – 'Capsule 22', a compilation of her stories published in August 2020. The book was released by Sri.Saji Cherian M.L.A of the Chengannur constituency.

As the name suggests, the book is a collection of 22 stories. The stories are all tiny – brief and crisp! While there are 12 stories that are one-page long each, a few stories like 'Virus', 'Sunglass', 'Vaadakamuri', and 'Oxygen mask' come upto just a few lines. We might think how a story may be expressed in just a few words – that is why they are rightly termed as capsules. A small capsule, rightly given is sufficient to cure one!

It really seems that such short stories are not the work of the sharp poet in her but the short time she can spare to write amidst the daily bank chores... Another point we notice is that unlike other banker-writers whose pen choose to write banking related or bankers related stories, Linu chooses entirely different topics.

Linu is married to Lijin K Devasya, a Kannur based petroleum engineer at Muscat. Their own one-year-old baby Luke spreads cheers in the family.

We look forward to seeing many more stories and poetry from Linu and wish whole heartedly that she may find her own cosy space in the vast world of Malayalam literature.